ശേഷം ഞങ്ങളുടെ ആളുവന്നു എന്നു പറഞ്ഞുകൊണ്ട് എന്താണ് അവിടെ നടക്കുന്നത്? ഇന്ന് അങ്ങ് കേരളത്തിലെ പ്രധാനപ്പെട്ട പത്രങ്ങൾ പരിശോധിച്ചാൽ ഏണിക്കരയിൽ ആക്രമണം മൂന്നുപേർക്ക് പരുക്കേറ്റു. നെടുമങ്ങാട് ആശുപത്രിക്കുള്ളിൽ സംഘർഷം 5 പേർക്ക് പരുക്ക് എന്നുതുടങ്ങി വാർത്ത വന്നിരുന്നു. ഇത് ഏറ്റവും ഗുരുതരമായ സാഹചര്യമാണ്. എനിക്ക് അങ്ങയോട് പറയാനുള്ളത് ഈ പോലീസ് വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ അങ്ങയുടെ അനുയായികൾക്ക് അങ്ങയിൽ വിശ്വാസമുണ്ടെങ്കിൽ പോലീസിൽ പരാതിപ്പെട്ട് കുറ്റം ചെയ്തവരുടെ പേരിൽ നടപടിയെടുക്കുന്നതിനുപകരം പോലീസ് സ്റ്റേഷൻ ആക്രമിക്കുന്ന, ആശുപത്രിയ്ക്കകത്തു കയറി ആക്രമിക്കുന്ന, രോഗികളെ ആക്രമിക്കുന്ന ഈ സംഭവം ഒഴിവാക്കാമായിരുന്നു. ഈ ആക്രമണത്തിനിരയായവർക്ക് അങ്ങയുടെ ദുരിതാശ്വാസനിധിയിൽനിന്നും എന്തെങ്കിലും സഹായംകൂടി നൽകാൻ അങ്ങ് തയ്യാറാകണം. ഇവരെ അറസ്റ്റു ചെയ്യുകയും ഇവരുടെ പേരിൽ മാതൃകാപരമായ നടപടിയുണ്ടാവുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : അദ്ദേഹം മൂന്നു പത്രത്തിന്റെ കാര്യമേ പറഞ്ഞുള്ളൂ. ദേശാഭിമാനി പത്രത്തെപ്പറ്റി മിണ്ടിയില്ല. ഇവിടെ നാലു പത്രമുണ്ട്. തങ്ങൾക്കാവശ്യമുള്ളതിനുമാത്രം പത്രമെടുത്താൽ പോരാ. ഈ പത്രത്തിൽ നേരെ വിപരീതമായിട്ടാണ് പറയുന്നത്. തിരുവനന്തപുരം ആര്യനാട് ചാരുംമൂടുള്ള ഒരു ഹാർഡ്‌വെയർ കടയിലേക്ക് കൊണ്ടുവന്ന ഒരു ലോഡ് സിമന്റിറക്കുന്നതു സംബന്ധിച്ച് ഇന്നലെ ഉച്ചയ്ക്ക് ഇരുവിഭാഗം തൊഴിലാളികൾ തമ്മിൽ തർക്കമുണ്ടായി. ലോഡ് ഇറക്കുന്നതുസംബന്ധിച്ച് അംഗീകൃത വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഐ.എൻ.ടി.യു.സി. വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾ ലോഡ് ഇറക്കാൻ തുടങ്ങി. ഒരു യൂണിയനിലുംപെടാത്ത മൂന്നുപേരെക്കൂടി ഉൾപ്പെടുത്തി ലോഡിറക്കിയ ഐ.എൻ.ടി.യു.സി. വിഭാഗത്തിന്റെ നടപടിയെ സി.ഐ.ടി.യു. വിഭാഗത്തിനുള്ളിലുള്ളവർ എതിർത്തു. സി.പി.ഐ.(എം.) ബ്രാഞ്ച് സെക്രട്ടറിയും ഡി.വൈ.എഫ്.ഐ. ഉഴമലയ്ക്കൽ ജോയിന്റ് സെക്രട്ടറിയുമായ എസ്. ഷജീറിനെയും കൂടെയുള്ള തൊഴിലാളികളെയും ഐ.എൻ.ടി.യു.സി.ക്കാർ ആക്രമിച്ചു. അക്രമത്തിൽ പരുക്കേറ്റ ഷജീറിനെ നെടുമങ്ങാട് താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതു സംബന്ധിച്ച് ആര്യനാട് പോലീസ് സ്റ്റേഷനിൽ 164/99-ാം നമ്പരായി ഇന്ത്യൻ ശിക്ഷാനിയമം 341, 323, 34 എന്നീ വകുപ്പുകൾ പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. നെടുമങ്ങാട് താലൂക്ക് ആശുപത്രി കാഷ്വാലിറ്റിയിൽ ചികിത്സയ്ക്കുവന്ന ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു. വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾ തമ്മിൽ വാക്കേറ്റവും സംഘട്ടനവും തമ്മിൽത്തല്ലുമുണ്ടായി. ഇതിനിടയിൽ ആശുപത്രിയിലെ ഒരു അറ്റൻഡർ രാധമ്മയ്ക്കും പരുക്കുപറ്റി. ഈ സംഭവത്തിൽ നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ ക്രൈം 332/99-ാം നമ്പരായി ഒരു കേസ്സ് എടുത്തിട്ടുണ്ട്. ഒരു ലോഡ് സിമന്റ് ഇറക്കുന്നതുസംബന്ധിച്ച് ഇരുവിഭാഗം തൊഴിലാളികൾ തമ്മിലുണ്ടായ തർക്കപ്രശ്നവും സംഘർഷവുമാണിത്. സംഘർഷം ഒഴിവാക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കുറ്റം ആരുചെയ്താലും അവർക്കെതിരെ ഊർജ്ജിത നടപടി എടുക്കുന്നതാണ്.

(2) കോതമംഗലം നിയോജക മണ്ഡലത്തിലെ പൈമറ്റം ലക്ഷംവീടു കോളനിയിലെ അബ്ദുൾ ഖാദറിന്റെ ദുരൂഹമരണം

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.ജെ. പൗലോസ് : എന്റെ നിയോജകമണ്ഡലത്തിലെ ഊന്നുകൾ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പൈമറ്റം ലക്ഷംവീടു കോളനിയിൽ താമസിക്കുന്ന അബ്ദുൾ ഖാദർ ദാരുണമായി വധിക്കപ്പെട്ടിട്ട് ഇപ്പോൾ ഒരു വർഷത്തിലധികം കഴിഞ്ഞിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്യുവാനോ ആ കേസ്സിന്റെ ചാർജ് ഷീറ്റ് കോടതിയിൽ സമർപ്പിക്കുവാനോ ഇതേവരെ കഴിഞ്ഞിട്ടില്ല എന്നുള്ള ഗുരുതരമായ സാഹചര്യത്തെ സംബന്ധിച്ചാണ് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. അബ്ദുൾ ഖാദർ ഊന്നുകൾ പോലീസ് സ്റ്റേഷനിൽ കൊടുത്തിരുന്ന ഒരു പരാതി സംബന്ധിച്ച് പോലീസിന്റെ നിർദ്ദേശാനുസരണം അദ്ദേഹം പോലീസ് സ്റ്റേഷനിലേക്ക് പോകുന്ന വഴി സ്കൂട്ടറിൽ യാത്ര ചെയ്യുമ്പോൾ ആരോ പതിയിരുന്ന് കല്ലുകൊണ്ടെറിഞ്ഞ് അദ്ദേഹത്തെ വധിച്ച ദാരുണമായ സംഭവമാണുണ്ടായത്. ഒരു വർഷം കഴിഞ്ഞു. ഇതുവരെ യാതൊരു നടപടിയുമുണ്ടായിട്ടില്ല. അടിയന്തിരമായി അന്വേഷണം നടത്തി കുറ്റവാളികളെ അറസ്റ്റു ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കണം

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, എറണാകുളം കുട്ടമംഗലം കല്ലിയാങ്കൽ അബ്ദുൾ ഖാദർ ഭാര്യയും കുട്ടിയുമായി സ്കൂട്ടറിൽ സഞ്ചരിക്കവേ പൈമറ്റത്തുവച്ച് ഷംസുദ്ദീൻ എന്നൊരാൾ കല്ലെറിഞ്ഞുവീഴ്ത്തി കുത്തി പരുക്കേൽപ്പിച്ചു. ആശുപത്രിയിലേക്ക് കൊണ്ടുപോകുന്ന വഴിയിൽ അബ്ദുൾ ഖാദർ മരണപ്പെട്ടു. ഇതുസംബന്ധിച്ച് ക്രൈം 141/97-ാം നമ്പരായി ഊന്നുകൾ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി. വസ്തു തർക്കത്തെ തുടർന്നുണ്ടായ വിരോധമാണ് ആക്രമണത്തിനുള്ള കാരണമെന്നറിയുന്നു. 3.5.1999-ന് കോടതിയിൽ ചാർജ്ഷീറ്റ് നൽകി. ഒളിവിലായ പ്രതിയെ കണ്ടെത്താനും അന്വേഷണം ഊർജ്ജിതപ്പെടുത്താനും ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) പൊതുമേഖലാ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം

ശ്രീ. എം.വി. ജയരാജൻ : പൊതുമേഖലാ ബാങ്കുകൾ കേരളത്തിന്റെ വികസന കാര്യങ്ങളോട് സ്വീകരിക്കുന്ന നിഷേധാത്മകമായ നിലപാടിനെ സംബന്ധിച്ച് നിരവധി തവണ ഈ സഭയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. ഇപ്പോഴും ബാങ്കുകൾ കേരളത്തെ അവഗണിക്കുകയാണ്. വായ്പാ-നിക്ഷേപ അനുപാതം ഉയർത്തുമെന്ന് ബാങ്ക് മേധാവികൾ മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും നിരവധി തവണ ഉറപ്പു നൽകിയിരുന്നു. 1998 ഡിസംബർ ഒടുവിൽ സംസ്ഥാനത്തെ ലീഡ് ബാങ്കായ കനറാ ബാങ്ക് മേധാവി സംസ്ഥാന സർക്കാരിനും ധനകാര്യ വകുപ്പുമന്ത്രിക്കും നൽകിയിട്ടുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ 1999 മാർച്ച് മാസം ആകുമ്പോൾ 45 ശതമാനം ആയും 2000 മാർച്ച് ആകുമ്പോൾ 50 ശതമാനം ആയും വായ്പാനിക്ഷേപ അനുപാതം ഉയർത്തുമെന്നാണ് വാഗ്ദാനം. 1997 ഡിസംബറിൽ അത് 41 ശതമാനം ആയിരുന്നുവെങ്കിൽ 1998 ഡിസംബറിൽ 39 ശതമാനമായി രണ്ട് ശതമാനം കണ്ട് കുറഞ്ഞിരിക്കുകയാണ്. എസ്.ബി.ടി. കേരളത്തിന്റെ ബാങ്കാണ്. അവർ നൽകിയിട്ടുള്ള വാഗ്ദാനമെന്നു പറയുന്നത് 1999 മാർച്ച് മാസത്തിൽ 45 ശതമാനം ആയിരുന്നത് 2000 മാർച്ച് ആകുമ്പോഴേക്കും 50 ശതമാനം ആയി ഉയർത്തുമെന്നാണ്. അവരുടെ വായ്പാനിക്ഷേപ അനുപാതം 1997 ഡിസംബറിൽ 45 ശതമാനം ആയിരുന്നുവെങ്കിൽ 1998 ഡിസംബർ ആകുമ്പോഴേക്കും 40 ശതമാനം ആയി 5 ശതമാനം കുറഞ്ഞിരിക്കുകയാണ്. എസ്.ബി.ടി.യുടെ കണക്കാണ്

LIBRARY ARCHIVES Kerala Legislative Assembly